മത്സ്യത്തൊഴിലാളികൾക്കുള്ള ടൈറ്റാനിയം ക്ഷേമപദ്ധതി

18 (*426) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള ടൈറ്റാനിയം ക്ഷേമപദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ക്ഷേമപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റേയും സർക്കാരിന്റേയും വിഹിതം എത്ര വീതമെന്ന് നിശ്ചയിച്ചുവോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) മലിനീകരണം മൂലം ദുരിതമനുഭവിക്കുന്ന ടൈറ്റാനിയം പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്തെങ്കിലും സഹായം ഇപ്പോൾ നൽകി വരുന്നുണ്ടോ : വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) മത്സ്യത്തൊഴിലാളികൾക്കായുള്ള ടൈറ്റാനിയം ക്ഷേമപദ്ധതികൾ എന്നത്തേയ്ക്ക് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിക്കപ്പെട്ട കമ്മിറ്റി ഏറ്റെടുക്കേണ്ട പദ്ധതി ഘടകങ്ങളെപ്പറ്റി വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു.

(ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ പ്രവർത്തനംമൂലം ദുരിതമനുഭവിക്കുന്ന ഈ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി വിവിധ ക്ഷേമ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) പദ്ധതിക്കായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് 200 ലക്ഷം രൂപ ലഭ്യമാക്കുമെന്നറിയുന്നു.

(ഡി) ഇല്ല.

(ഇ) ജില്ലാ കളക്ടർ ചെയർമാനായുള്ള കമ്മിറ്റി രൂപം നല്കുന്ന പദ്ധതികൾ വിശദമായി പരിശോധിച്ചതിനുശേഷം ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly